**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഡിസ്പോസിബിൾ പാത്രങ്ങൾ ഉയർത്തുന്ന മാലിന്യ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി . | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷണസാധനങ്ങൾ പാർസലായി മാത്രം ലഭ്യമാക്കുന്ന സാഹചര്യത്തിൽ അതിനായി ഉപയാഗിക്കുന്ന കണ്ടെയ്നർ അലക്ഷ്യമായി വഴിയോരങ്ങളിലും മറ്റും വലിച്ചെറിയുന്നത് മൂലമുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള പാത്രങ്ങളിൽ പലതും മണ്ണിൽ എളുപ്പത്തിൽ അലിഞ്ഞുചേരാത്ത വസ്തുക്കൾ ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് അംഗീകൃത ഹരിതകർമ്മസേന മുഖേന വാതിൽപ്പടി സംവിധാനം തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ച് വരുന്നു. ഒറ്റതവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും സർക്കാർ നിരോധിച്ചിട്ടുണ്ട്. അതോടൊപ്പം അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവർത്തികളെ നിയമപരമായി ശിക്ഷിക്കുന്നതിനും, ഫൈൻ ഈടാക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ റെയ്ഡ് നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ